ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വർണ്ണത്തൊഴിലാളികളുടെ ഇന്നത്തെ ഖേദകരമായ അവസ്ഥ ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. സ്വർണ്ണത്തൊഴിലാളികളുൾപ്പെടെ സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റ് ചെറിയ ജോലികളിൽ ഏർപ്പെടുന്നവർക്കുമായി നിലവിലുള്ള കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമ നിധിയാക്കി മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ഗവൺമെന്റിന് ബോധ്യമായിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത ബിൽ നിയമമാക്കുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ സ്വർണ്ണാഭരണ നിർമ്മാണത്തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്.

(15) ഉപഭോക്താക്കൾ വൈദ്യുത നിരക്ക് കൂടുതൽ നൽകേണ്ടി വരുന്നത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ വിദ്യുച്ഛക്തി ഉപഭോക്താക്കൾ അനുഭവിക്കുന്ന അതിരൂക്ഷമായ ഒരു പ്രശ്നം-വൈദ്യുതി ചാർജ്ജ് വർദ്ധനവുൾപ്പെടെ നിരവധി കാര്യങ്ങൾ-ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഈ അടുത്ത കാലത്തുണ്ടായ ചാർജ്ജ് വർദ്ധനവോടു കൂടി നിലവിലുണ്ടായിരുന്ന ചാർജ്ജ് രണ്ടിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണം കേരളത്തിലെ ഹൈഡൽ പ്രോജക്ടാണ്. ഇവിടെ ലഭ്യമായ ജലസമ്പത്തിന്റെ 34 ശതമാനം മാത്രമാണ് ജല വൈദ്യുത പദ്ധതിക്കു വേണ്ടി ഉപയോഗിക്കുന്നത്. ബാക്കി തെർമൽ പവറിന് പോകുകയാണ്. ബോർഡിലെ കണക്കനുസരിച്ച് നമ്മുടെ കൺസംപ്ഷനെന്നു പറയുന്നത് 34.5 മില്യൻ യൂണിറ്റു കറന്റാണ്. അതിൽ കേന്ദ്രം തന്ന 10.5 മില്യൻ യൂണിറ്റും ഈ സ്റ്റേറ്റിലെ തെർമൽ പവർ പ്ലാന്റും ഉൽപ്പാദിപ്പിച്ചതുമുൾപ്പെടെ 18.5 മില്യൻ യൂണിറ്റാണ്. ബാക്കിയുള്ള 16 മില്യൻ യൂണിറ്റു മാത്രമാണ് ഹൈഡൽ പ്രോജക്ടിൽനിന്ന് തന്നിരിക്കുന്നത്. ഇപ്പോൾ ബോർഡ് കടക്കെണിയിലേക്കു പോകുകയാണ്. വിദ്യുച്ഛക്തി ലഭ്യമാക്കാനുള്ള നടപടി നല്ലതാണ്. പക്ഷേ സാധാരണ ജനങ്ങൾക്ക് താങ്ങാൻ കഴിയുന്നില്ല. പരമാവധി തെർമൽ പ്ലാന്റിലേക്ക് പോകുന്ന ഒരു സമീപനമാണ് ഇന്നുള്ളത്. അതിന്റെ ഫലമെന്താണ് ? തെർമൽ പ്ലാന്റിലെ ഒരു യൂണിറ്റ് ഉൽപ്പാദനത്തിന് ഏതാണ്ട് ആറു രൂപ വരെയാകുന്നു. ഹൈഡൽ പ്രോജക്ടിന് ഒരു രൂപ മാത്രമേ ആകുന്നുള്ളൂ. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ തെർമൽ യൂണിറ്റ് ഉൽപ്പാദനം നല്ലതുതന്നെയാണ്, പക്ഷേ വൻകിട പദ്ധതികൾക്ക്, വൻകിട വ്യവസായങ്ങൾക്ക് ക്യാപ്റ്റീവ് പവർ, സെൽഫ് ജനറേറ്റിംഗ് പവർ ഉണ്ടാക്കാൻ അനുമതി കൊടുത്ത് തെർമൽ പ്ലാന്റ് മുഴുവൻ അതിലേക്ക് കൺവെർട്ട് ചെയ്തിട്ട് സാധാരണ ആളുകൾക്ക് കൂടുതൽ ഹൈഡൽ പ്രോജക്ട് ഉൽപ്പാദിപ്പിക്കുവാൻ അവസരം കൊടുക്കാവുന്നതാണ്. ഉദാഹരണത്തിന് ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി, 160 മെഗാവാട്ടിന്റെതാണ്. അതൊന്നുമായിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് നൽകിയ ധാരാളം പ്രോജക്ടുകൾ ഇവിടെയുണ്ട്. കംപ്ലീറ്റു ചെയ്തതും ചെയ്യാത്തതുമായ ധാരാളം പ്രോജക്ടുകൾ ഉണ്ട്. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എന്നു പറയുന്നത്, കേരളത്തിൽ ലഭ്യമായിട്ടുള്ള 34 ശതമാനം ജലസമ്പത്തു മാത്രമാണ് നമ്മൾ ഉപയോഗിക്കുന്നത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയാനുള്ളത് ഈ പുതിയ സാഹചര്യത്തിൽ പരമാവധി ഹൈഡൽ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴത്തെ സമീപനത്തിൽ മാറ്റമുണ്ടാകണം. വമ്പിച്ച ചാർജ്ജ് കൊടുക്കേണ്ടി വരുന്ന സാധാരണക്കാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : നമ്മുടെ സംസ്ഥാനം നേരിട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രതിസന്ധി ഊർജ്ജ പ്രതിസന്ധി തന്നെയായിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഉൽപ്പാദനം ആരംഭിച്ചിരുന്ന സ്ഥാനത്ത് നമുക്ക് ഇന്ന് താപനിലയങ്ങളെക്കൂടി ആശ്രയിക്കേണ്ടി വരികയാണ് ചെയ്തത്. ഇ. എച്ച്. ടി. എച്ച്. ടി. വ്യവസായങ്ങൾക്ക് 100 ശതമാനം വരെ പവർകട്ട് ഏർപ്പെടുത്തേണ്ടിവന്ന സന്ദർഭങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ ഗാർഹിക ഉപഭോക്താക്കൾക്ക് 35 ശതമാനം വരെ പവർ കട്ട് ഏർപ്പെടുത്തേണ്ട സാഹചര്യവും വരികയുണ്ടായി. ഇത്തരമൊരു പരിതഃസ്ഥിതിയിൽ കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെയും മുന്നിൽ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്ന ജലവൈദ്യുത പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിന് വന്ന കാലതാമസവും ഊർജ്ജ ഉപയോഗം വർദ്ധിച്ചു വരികയും ഉൽപ്പാദന രംഗത്ത് മുരടിപ്പും ഈ സാഹചര്യം കൊണ്ട് നേരിടുകയും ചെയ്ത സ്ഥിതിവിശേഷത്തിലാണ് താപനിലയങ്ങളെക്കൂടി ആശ്രയിക്കേണ്ടി വന്നത്. അങ്ങനെ ആശ്രയിക്കേണ്ടി വന്ന സാഹചര്യത്തിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതിയെക്കാൾ കൂടുതൽ വില ഉൽപ്പാദന ചെലവിന്റെ കാര്യത്തിൽ (റണ്ണിംഗ് കോസ്റ്റും) താപനിലയങ്ങൾക്ക് അനിവാര്യമായി വരികയും ചെയ്തു. ഇതു രണ്ടും കൂടി മിക്സ് ചെയ്തുകൊണ്ടാണ് കൊടുക്കുന്നത്. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചാർജ്ജ് വർദ്ധനവ് പൊതുവിൽ കുറവാണെന്ന് പറയാമെങ്കിലും വർദ്ധനവ് സ്വാഭാവികമായി വിഷമം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഈ വർദ്ധനവ് താരതമ്യേന നോക്കുമ്പോൾ പവർകട്ട് വ്യവസായത്തിൽ ഏർപ്പെടുത്തിയിരുന്ന സന്ദർഭത്തിൽ ഉൽപ്പാദന നഷ്ടം പ്രതിവർഷം ആറായിരം കോടി രൂപയുടേതായിരുന്നു. ഒരു മാസം 600 കോടി രൂപയുടെ പ്രൊഡക്ഷൻ ലോസ് ആണ് ഊർജ്ജ ഉൽപ്പാദനത്തിന്റെ പേരിൽ സംഭവിച്ചത്. അതേ സമയം അധിക ചെലവ് ഏർപ്പെടുത്തി ഉൽപ്പാദിപ്പിച്ചതിന്റെ ഫലമായി, വൈദ്യുതി ഉൽപ്പാദനത്തിന്റെ പേരിൽ ഉൽപ്പാദന നഷ്ടം കേരളത്തിൽ സംഭവിക്കും എന്നു പറയുവാൻ കഴിയുകയില്ല. എന്നിരുന്നാലും അദ്ദേഹം സൂചിപ്പിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളിലേയ്ക്ക് കുറെക്കൂടി ഊന്നൽ നൽകുക എന്നുള്ളതാണ് ഈ സബ്മിഷന്റെ സ്പിരിട്ട്. ഗവൺമെന്റ് ആ അർത്ഥത്തിലും അതിന്റെ സ്പിരിറ്റും കൂടി കണക്കാക്കിയാണ് ഈ വരുന്നവർഷം ആയിരം മെഗാവാട്ട് ജലവൈദ്യുത പദ്ധതികൾക്ക് പ്രത്യേകമായി ഒരു ഡീറ്റെയിൽഡ് പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ സ്പെഷ്യൽ ടീമിനെ നിയോഗിക്കുവാൻ തീരുമാനിച്ചത്. സാധ്യമായ എല്ലാ ജലസ്രോതസും പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഊർജ്ജ മേഖലയിൽ പ്രയോജനമുണ്ടാക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നതിന് പ്രാധാന്യം നൽകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആതിരപ്പള്ളി പ്രോജക്ടിനെക്കുറിച്ച് പറഞ്ഞു. അതിന്റെ ഗ്ലോബൽ ടെന്റർ വിളിച്ചുകഴിഞ്ഞു. രണ്ടു മാസത്തിനുള്ളിൽ നടപടികൾ പൂർത്തിയാകുന്നതാണ്.

(16) പാരമ്പര്യ വൈദ്യന്മാരുടെ അടിയന്തിരാവശ്യങ്ങൾ

ശ്രീ. കെ. ബാബു : സർ, അഖില കേരള പാരമ്പര്യ വൈദ്യ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഇന്നലെ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും നടത്തുകയുണ്ടായി. അവരുടെ പ്രധാനപ്പെട്ട ആവശ്യം മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അവതരിപ്പിച്ച് പാസാക്കുക എന്നുള്ളതാണ്. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസാക്കുന്നതുവരെ അവർക്ക് ജോലി ചെയ്യുന്നതിനും ചികിത്സയ്ക്കുമുള്ള അവകാശം തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ 38-ാം വകുപ്പ് അനുസരിച്ച് സർക്കാർ നൽകണമെന്നുള്ളതാണ് ആവശ്യം. അതുപോലെ ഹൈക്കോടതി അംഗീകരിച്ച അഖില കേരള പാരമ്പര്യ വൈദ്യ ഫെഡറേഷനിലെ മെമ്പർമാർക്ക് ലൈസൻസ് നൽകുക തുടങ്ങിയ പത്ത് ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളത്. അഖില കേരള പാരമ്പര്യ വൈദ്യ ഫെഡറേഷനിൽപ്പെട്ട വൈദ്യന്മാർക്ക് ചികിത്സയ്ക്കുള്ള സൗകര്യം ഗവൺമെന്റ് ചെയ്തു കൊടുക്കണം. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അടിയന്തിരമായി അവതരിപ്പിച്ച് പാസാക്കണമെന്നും ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, കേരളത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് പെൻഷൻ നൽകാനുള്ള പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ ചില അംഗീകൃത പാരമ്പര്യ വൈദ്യന്മാർ ഉൾപ്പെടെയുള്ള വിഷവൈദ്യന്മാർക്ക് സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ട്. മുൻപു നിലവിലുണ്ടായിരുന്ന നിയമപ്രകാരം രജിസ്ട്രേഷനോ രജിസ്ട്രേഷനിൽ ഇളവോ അനുവദിച്ചിട്ടുള്ളവർക്ക് മാത്രമാണ് ഇപ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിലുള്ള നിയമമനുസരിച്ച് പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ നൽകാനുള്ള വ്യവസ്ഥയൊന്നുമില്ല. എന്നാൽ കേരളത്തിലാകമാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ള Kerala medical Practitioners Bill -ന്റെ കരടിൽ അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത പരിചയസമ്പന്നരായ പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷന് വ്യവസ്ഥ നൽകിയിട്ടുണ്ട്. കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. അതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ബിൽ പ്രാബല്യത്തിൽ വന്ന് വൈദ്യന്മാർക്ക് അംഗീകാരം നൽകിയതിന് ശേഷമേ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ കഴിയുകയുള്ളു. പേറ്റന്റ് നിയമത്തിൽ നിന്ന് ആയുർവേദ മരുന്നുകളേയും പാരമ്പര്യ ചികിൽസാ സമ്പ്രദായങ്ങളേയും താളിയോല ഗ്രന്ഥങ്ങൾ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളേയും മറ്റ് വിലപ്പെട്ട രേഖകളെയും സംരക്ഷിക്കുന്നതിന് ഇതിനകംതന്നെ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരമ്പര്യ ഔഷധങ്ങളുടെ പേറ്റന്റ് സമ്പ്രദായങ്ങളുടെ ശാസ്ത്രീയ വശങ്ങളെ സംബന്ധിച്ച് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഒരു ദേശീയ ശിൽപ്പശാല 1999 ജൂൺ 5-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly